**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1125** **06-02-2023 - ൽ മറുപടിയ്ക്ക്**

**മൺവിള, പുതുകുന്ന് കുടിവെള്ള സംഭരണികളിൽ കുടിവെള്ളം എത്തിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിലെ പേരൂർക്കടയിൽ നിന്നും മൺവിള, പുതുകുന്ന് കുടിവെള്ള സംഭരണികളിൽ കുടിവെള്ളം എത്തിക്കുന്നതിനായി പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ; | (എ) | **തിരുവനന്തപുരം നഗരത്തിലും സമീപ പ്രദേശങ്ങളിലും കുടിവെള്ളമെത്തിക്കുന്ന പ്രധാന ജലവാഹിനി കുഴലുകളിലൊന്നാണ് പേരൂർക്കട മുതൽ മൺവിള വരെ സ്ഥാപിച്ചിട്ടുള്ള പി.എസ് .സി. ജലവാഹിനിക്കുഴലുകൾ. എന്നാൽ കാലപ്പഴക്കം കാരണം ടി ജലവാഹിനിക്കുഴലുകൾക്ക് നാശം സംഭവിക്കുകയും, അടിക്കടി ചോർച്ചകളുണ്ടാകുകയും ചെയ്യുന്നു. ഇതുമൂലം നഗരത്തിലും സമീപ പ്രദേശങ്ങളിലും കുടിവെള്ളമെത്തിക്കുന്നതിന് പലപ്പോഴും തടസ്സം നേരിടുകയും അതോടൊപ്പം ജലവാഹിനി ക്കുഴലുകളിലുണ്ടാകുന്ന ചോർച്ചകൾ കാരണം റോഡുകൾക്ക് നാശം സംഭവിക്കുകയും ചെയ്യുന്നുണ്ട് . ഇതിനു പരിഹാരമെന്ന നിലയിൽ പേരൂർക്കട മുതൽ മൺവിള വരെയുള്ള കാലപ്പഴക്കം ചെന്ന പ്രധാന പി.എസ് .സി. ജലവാഹിനിക്കുഴലുകൾ മാറ്റി പുതിയ മൈൽഡ് സ്റ്റീൽ ജലവാഹിനിക്കുഴലുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്യുകയും, കിഫ്ബി വഴി 63.72 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. അമൃത് പദ്ധതിയിലുൾപ്പെടുത്തി അരുവിക്കരയിൽ പുതുതായി നിർമ്മാണം പൂർത്തീകരിച്ച 75 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാലയിൽ നിന്നുമുള്ള ശുദ്ധജലവും കൂടി തിരുവനന്തപുരം നഗരത്തിലെത്തിച്ച് തിരുവനന്തപുരം ശുദ്ധജല വിതരണ പദ്ധതി ശാക്തീകരിക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് . 14.01.2020 ൽ M/s ടോംകോ എഞ്ചിനീയറിംഗ് കമ്പനിക്ക് പ്രവൃത്തിക്കുള്ള അനുമതി നൽകുകയും 12 മാസം കൊണ്ട് പൂർത്തീകരിക്കേണ്ട പദ്ധതിക്ക് 05.02.2020 ൽ എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. തുടർന്ന് മാർച്ച് 2020-ന് കോവിഡ് മഹാമാരിയോടനുബന്ധിച്ചുള്ള ലോക്ക്ഡൗൺ, കർഫ്യൂ മുതലായവ കാരണം റോഡ് മുറിക്കുന്നതിനുള്ള അനുമതി 30.12.2020-ൽ മാത്രമേ** |

| | | | |
|---|---|---|---|
| | | | ലഭിച്ചുള്ളൂ. അതിനാൽ 11.01.2021-ൽ മാത്രമേ കരാർ കമ്പനിക്ക് പ്രവൃത്തിക്കായി റോഡ് കൈമാറാൻ കഴിഞ്ഞുള്ളൂ. കരാറുകരന്റേതല്ലാത്ത കാരണങ്ങളാൽ പ്രവൃത്തി തുടങ്ങാൻ താമസിച്ചതിനാൽ 30.03.2022 വരെ പിഴകളൊന്നും കൂടാതെ കരാർ ദീർഘിപ്പിച്ചു നൽകി. ദീർഘിപ്പിച്ചു നൽകിയ കാലയളവിൽ 37% പ്രവൃത്തികൾ മാത്രമാണ് പൂർത്തീകരിച്ചത് . കരാർ കമ്പനി റേറ്റ് റിവിഷൻ, പിഴ കൂടാതെ കരാർ റദ്ദാക്കൽ തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ബഹു. ഹൈക്കോടതിയിൽ വ്യവഹാരം സമർപ്പിക്കുകയും പ്രവൃത്തി നിർത്തി വച്ചിരിക്കുകയുമാണ്. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിനെത്തുടർന്ന് പ്രസ്തുത പ്രവൃത്തി നിലവിലെ കരാർ പ്രകാരം തന്നെ പൂർത്തീകരിക്കുവാനായി കരാറുകാരന് 6 മാസം കൂടി സമയം അനുവദിക്കാൻ കേരള ജല അതോറിറ്റി ബോർഡിൽ തീരുമാനമെടുക്കുകയും അതനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുവാൻ 6 മാസം കൂടി സമയം അനുവദിച്ചുകൊണ്ട് 01.11.2022-ൽ ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട് . എന്നാൽ 01.11.2022 ലെ മാനേജിംഗ് ഡയറക്ടറുടെ ഉത്തരവിനെ ചോദ്യം ചെയ്ത് കൊണ്ട് കരാർ കമ്പനി ബഹു. കേരളാ ഹൈക്കോടതിയിൽ വീണ്ടും വ്യവഹാരം സമർപ്പിച്ചിട്ടുണ്ട് . നിലവിലെ കരാർ പ്രകാരം റേറ്റ് റിവിഷൻ നല്കാൻ കഴിയില്ല എന്ന് കേരള ജല അതോറിറ്റി തീരുമാനമെടുക്കുകയും ആയത് ഹൈക്കോടതിയെ അറിയിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | അടിയന്തരമായി പൂർത്തിയാക്കേണ്ട പ്രസ്തുത പ്രവൃത്തി പകുതി വഴിയിൽ നിലച്ച് പോയതിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | റേറ്റ് റിവിഷൻ, കരാർ റദ്ദാക്കൽ തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് കരാർ കമ്പനി ബഹു. ഹൈക്കോടതിയിൽ വ്യവഹാരം സമർപ്പിച്ചതിനാലാണ് പദ്ധതി പാതി വഴിയിൽ നിലച്ചത്. കോടതി വ്യവഹാരത്തിൽ അനുകൂല വിധി സമ്പാദിക്കുന്നതിനും, ബഹു. കോടതിയുടെ ഇടക്കാല ഉത്തരവിനെത്തുടർന്ന് നിലവിലുള്ള കരാർ കമ്പനിയെക്കൊണ്ടു തന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടിയും സ്വീകരിച്ചിരുന്നു. എന്നാൽ കരാർ കമ്പനി പ്രവൃത്തികൾ പുനരാരംഭിക്കുവാൻ തയ്യാറായിട്ടില്ല. 16-01-2023-ൽ നടന്ന പൊതുമേഖല സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2021 -23)-യുടെ യോഗത്തിൽ കരാറുകാരനുമായി ഒരു ഹിയറിങ് നടത്തുന്നതിനുള്ള നിർദേശം കേരള വാട്ടർ അതോറിറ്റിയ്ക്കു നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കുന്നതിന് സ്വീകരിച്ച | (സി) | പ്രവൃത്തി പൂർത്തീകരിക്കുവാൻ 6 മാസം കൂടി സമയം |

| | | | |
|---|---|---|---|
| | നടപടികൾ വിശദമാക്കുമോ; | | **അനുവദിച്ചുകൊണ്ട് 01.11.2022 ൽ കരാർ കമ്പനിയ്ക്ക് ഉത്തരവ് നൽകിയിരുന്നു. എന്നാൽ കരാർ കമ്പനി, പ്രവൃത്തികൾ പുനരാരംഭിക്കുകയോ ആയത് സംബന്ധിച്ച് പ്രതികരിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ 01.11.2022 ലെ മാനേജിംഗ് ഡയറക്ടറുടെ ഉത്തരവിനെ ചോദ്യം ചെയ്ത് കൊണ്ട് കരാർ കമ്പനി കേരള ഹൈക്കോടതിയിൽ വീണ്ടും വ്യവഹാരം സമർപ്പിച്ചിരിക്കുകയാണ്. പ്രസ്തുത വ്യവഹാരത്തിനെതിരെ വസ്തുത വിവരണ പത്രിക സമർപ്പിക്കുന്നതിനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.**<br><br>**16-01-2023-ൽ നടന്ന പൊതുമേഖല സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2021 -23) -യുടെ യോഗത്തിൽ കരാറുകാരനുമായി ഒരു ഹിയറിങ് നടത്തുന്നതിനുള്ള നിർദേശം കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകിയിട്ടുണ്ട്.** |
| (ഡി) | ഈ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ? | (ഡി) | **ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് കരാറുകാരൻ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ള വ്യവഹാരത്തിൽ അന്തിമ വിധിയായാൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കാനാവുകയുള്ളൂ.** |

സെക്ഷൻ ഓഫീസർ